**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2799** **24-02-2026 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കും പരിക്ക് പറ്റുന്നവർക്കും നൽകിവരുന്ന നഷ്ടപരിഹാരം പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഏറ്റവും ഒടുവിലായി 09/05/2025 ലെ സ.ഉ (സാധാ)നം. 304/2025/DMD പ്രകാരം ഷ്ടപരിഹാരത്തുകകൾ പരിഷ്കരിച്ചിട്ടുണ്ട്. എന്നിരുന്നാലും പരിക്കുപറ്റി ദീർഘകാലം കിടപ്പിലാകുന്നവർക്കുള്ള ചികിത്സാ സഹായവും വിള നാശത്തിനും വളർത്ത് മൃഗങ്ങളുടെ നഷ്ടത്തിനുമുള്ള നഷ്ടപരിഹാരവും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടി സ്ഥാനത്തിൽ അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ബഹു. ധനകാര്യമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മാതൃകയിൽ നടപ്പിലാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ; | (ബി) | മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മാതൃകയിൽ നടപ്പിലാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ രണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധി ച്ച് വരികയാണ്. |
| (സി) | വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റുന്നവരുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ ചെലവായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. ചികിത്സ ചെലവ് പൂർണമായും ഏറ്റെടുക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ ആദിവാസി വിഭാഗത്തിൽ പെട്ടവർക്ക് ചികിത്സയ്ക്കായി ചെലവാകുന്ന മുഴുവൻ തുകയും അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ